തർബിയത്ത്

# സദാചാര കുറ്റങ്ങൾ

**ഹസനുൽബന്ന**

**സംസ്കരണ**(തസ്കിയത്ത്)ത്തിന്റെ നട്ടെല്ലെന്ന് പണ്ഡിതന്മാർ പറയുന്നത് രണ്ടു കാര്യങ്ങളെയാണ്. ലൈംഗിക വിശുദ്ധിയും സാമ്പത്തിക വിശുദ്ധിയും. വർത്തമാനകാലത്ത് കീഴ്മേൽമറിഞ്ഞു സുപ്രധാന മൂല്യങ്ങളാണ് ഇവരണ്ടും. വഴിവിട്ട ലൈംഗികതയും അഴിമതിയും വ്യക്തിയെയും സമൂഹത്തെയും രാഷ്ട്രത്തെയും ഗ്രസിച്ചിരിക്കുന്നു. "അമ്പുകൊള്ളാത്തവരില്ല ഗുരുക്കളിൽ" എന്നതാണ് അവസ്ഥ. സദാചാര സൂക്ഷ്മത പുലർത്തുന്നവർ സമൂഹത്തിൽ വളരെ തുച്ഛമേയുള്ളൂവെന്നതാണ് വസ്തുത. സമകാലിക സമൂഹമനസ്സ് ഒരു തരം 'സെക്ഷ്വൽ ടെററിസം' (ലൈംഗിക ഭീകരത) തന്നെ വെച്ചു പുലർത്തുന്നുവെന്നു പറഞ്ഞാൽ അതിശയോക്തിയില്ല. 'സ്നേഹിക്കപ്പെടുന്ന' യുവതിപോലും ബലാത്സംഗങ്ങൾക്കും പെൺവാണിഭങ്ങൾക്കും ഇരയാകുന്നു.

നമ്മുടെ യുവാക്കളും വൃദ്ധന്മാരുമൊക്കെ ഇത്രയും ക്രൂരന്മാരായത് എങ്ങനെയെന്ന ചിന്ത അമ്പരപ്പിക്കുന്നതാണ്. ലജ്ജയെന്ന വിശിഷ്ടഗുണം തന്നെ ചോർന്നു പോയിരിക്കുന്നു. "ലജ്ജ നഷ്ടപ്പെട്ടാൽ പിന്നെ എന്തും ചെയ്യും" എന്നത്രേ ഒരു പ്രവാചകവചനത്തിന്റെ പാഠം. ചുറ്റും അരങ്ങേറുന്ന സദാചാരക്കുറ്റങ്ങളുടെ കാരണം തെരയുന്നവർക്ക് ഈ അധ്യാപനത്തിന്റെ പൊരുൾ പെട്ടെന്നു പിടികിട്ടും. ശരീരത്തിൽ വസ്ത്രമെന്ന പോലെ മനുഷ്യാത്മാവിനെ ദൈവം നൈസർഗികമയി അണിയിച്ച വസ്ത്രമാണ് ലജ്ജ. (കൊച്ചുകുട്ടികൾ പോലും വസ്ത്രം നീക്കുമ്പോൾ വെപ്രാളപ്പെടുന്നത് ശ്രദ്ധിക്കുക).

സ്വർഗത്തിൽവെച്ച് നമ്മുടെ മാതാപിതാക്കളെ പിശാച് വഞ്ചിച്ചു. അത് ഒരു 'പഴം തിന്നുന്ന' പ്രശ്നം മാത്രമായിരുന്നില്ല. മനുഷ്യ സമൂഹത്തിന്റെ ലജ്ജ തന്നെ നഷ്ടപ്പെടുത്തുകയെന്ന ഹിഡൻ അജണ്ടയുടെ പ്രഥമ കാൽവെപ്പായിരുന്നു. "പിന്നീട് ചെകുത്താൻ അവരെ വഞ്ചിച്ചു, അവരിൽ പരസ്പരം രഹസ്യമായിരുന്ന നഗ്നതകൾ അവർക്കുമുമ്പിൽ വെളിപ്പെടുത്താൻ. അവൻ അവരോട് പറഞ്ഞു: നിങ്ങളുടെ റബ്ബ് ഈ വൃക്ഷം നിങ്ങൾക്ക് നിരോധിച്ചിട്ടുള്ളത് നിങ്ങൾ മലക്കുകളായിത്തീരുകയോ നിത്യജീവിതം കൈവരിക്കുകയോ ചെയ്യാതിരിക്കേണ്ടതിനു മാത്രമാകുന്നു. ഞാൻ നിങ്ങളുടെ ഗുണകാംക്ഷിയാണെന്ന് അവൻ അവരോട് ആണയിട്ടു പറയുകയും ചെയ്തു. ഇവ്വിധം മോഹിപ്പിച്ച് സാവധാനം അവൻ അവരെ പാട്ടിലാക്കി. അങ്ങനെ ആ വൃക്ഷത്തിന്റെ രുചി ആസ്വദിച്ചപ്പോൾ തങ്ങളുടെ നഗ്നതകൾ അവർക്കിരുവർക്കും വെളിപ്പെട്ടു. തങ്ങളുടെ ശരീരങ്ങളെ അവർ ഉദ്യാനത്തിലെ ഇലകൾകൊണ്ട് മറയ്ക്കാൻ തുടങ്ങി" (*അൽഅഅ്റാഫ്* 20-22).

> **ലജ്ജയെന്ന വിശിഷ്ടഗുണം തന്നെ ചോർന്നു പോയിരിക്കുന്നു. "ലജ്ജ നഷ്ടപ്പെട്ടാൽ പിന്നെ എന്തും ചെയ്യും" എന്നത്രേ ഒരു പ്രവാചകവചനത്തിന്റെ പാഠം. ചുറ്റും അരങ്ങേറുന്ന സദാചാരക്കുറ്റങ്ങളുടെ കാരണം തെരയുന്നവർക്ക് ഈ അധ്യാപനത്തിന്റെ പൊരുൾ പെട്ടെന്നു പിടികിട്ടും. ശരീരത്തിൽ വസ്ത്രമെന്ന പോലെ മനുഷ്യാത്മാവിനെ ദൈവം നൈസർഗികമയി അണിയിച്ച വസ്ത്രമാണ് ലജ്ജ.**

ഈ പൈശാചിക വഞ്ചന തന്നെയാണ് ഇന്നും നടന്നുകൊണ്ടിരിക്കുന്നത്. പിശാചിന്റെ കൈയിലെ കളിപ്പാട്ടങ്ങളായി മനുഷ്യൻ മാറിയിരിക്കുന്നു. വ്യഭിചാര മുൾപ്പെടെയുള്ള ലൈംഗിക കുറ്റങ്ങളെ അതീവ ഗൗരവത്തോടെയാണ് ഇസ്ലാം കാണുന്നത്. 'വ്യഭിചാരത്തോട് അടുക്കരുത്' എന്ന ഖുർആനിക പ്രഖ്യാപനത്തിലടങ്ങിയ അത്യുജ്ജ്വലമായ സദാചാര ബോധം ശ്രദ്ധിക്കുക. തിന്മകളുടെ മാതാവെന്ന് നബി(സ) വിശേഷിപ്പിച്ച മദ്യം പോലും ഘട്ടംഘട്ടമായാണ് ഖുർആൻ വിലക്കിയത്. അക്കാലത്തെ സാമൂഹിക സാമ്പത്തിക ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണെന്നതിനാൽ അടിമമോചനത്തിനും സാവകാശം നൽകപ്പെട്ടു. അടിമക്കച്ചവടവും തജ്ജന്യമായ സാമൂഹിക വിപത്തുകളും ഇസ്ലാം പൂർണമായും തുടച്ചുനീക്കിയെങ്കിലും നല്ലൊരു കാലയളവുതന്ന ആ പരിവർത്തനത്തിന്റെ പൂർത്തീകരണത്തിനു വേണ്ടിവന്നു.

സദാചാരവും പാതിവ്രത്യവും സൂക്ഷിക്കുന്നവർ തുലോം കുറവായിരുന്നിട്ടും, ഈ വൻപാപത്തെ അതിന്റെ സകല വിശദാംശങ്ങളോടും കൂടി ഒറ്റയടിക്കു നിരോധിക്കുകയായിരുന്നു ഖുർആൻ! (*അൽഅഹ്സാബ്* 32). ഇസ്ലാമിന്റെ ശൈശവകാലഘട്ടത്തിലാണ് ഈ

നടപടിയെന്നുകൂടി ഓർക്കുക. സമൂഹത്തിന്റെ ധാർമിക വിശുദ്ധിക്ക് ഖുർആൻ നൽകുന്ന പ്രാധാന്യമാണ് ഇതിലൂടെ ബോധ്യപ്പെടുന്നത്. 'വളരെ വഷളായ പ്രവൃത്തിയും തീർത്തും ദുഷിച്ച മാർഗവു'മെന്ന് ഖുർആൻ വിശേഷിപ്പിച്ച വ്യഭിചാരത്തെ പ്രവാചകൻ വൻപാപങ്ങളിൽ എണ്ണുകയും ചെയ്തു. വ്യഭിചാരം മാത്രമല്ല അന്യായമായി വ്യഭിചാര കുറ്റം ആരോപിക്കുന്നതും ഇസ്‌ലാമിൽ ഗുരുതരമായ പാപമത്രെ. നബി(സ) എണ്ണിപ്പറഞ്ഞ ഏഴ് വൻപാപങ്ങളിൽ ശിർക്ക് കഴിഞ്ഞാൽ തൊട്ടടുത്ത വരുന്നതാണ് അപവാദപ്രചരണം.

നബി(സ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവർ അടുത്ത ബന്ധുക്കളിലാരെങ്കിലും കൂടെയില്ലാത്ത അന്യസ്ത്രീകളുമായി തനിച്ച് കഴിയുകയില്ല. അവിടെ മൂന്നാമതായി പിശാചുണ്ടായിട്ടല്ലാതെ." (അഹ്മദ്). "രണ്ടു കണ്ണുകളും വ്യഭിചരിക്കാറുണ്ട്. അവയുടെ വ്യഭിചാരം നോട്ടമാണ്" (ബുഖാരി). ഖുർആൻ പറഞ്ഞു: "സത്യവിശ്വാസികളോട് പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ നിയന്ത്രിക്കുകയും രഹസ്യഭാഗങ്ങൾ സൂക്ഷിക്കുകയും ചെയ്യട്ടെ" (*അന്നൂർ* 30).

ഇവിടെ മനസ്സിലാക്കേണ്ട ഒരു പ്രധാന കാര്യമുണ്ട്. പരിധിവിട്ട എല്ലാ തരം സ്ത്രീ-പുരുഷ സങ്കലനങ്ങളെയും ഇസ്‌ലാം വെറുക്കുന്നു. വിപത്തിനെക്കുറിച്ച ഭയമില്ലെങ്കിൽ മാത്രമേ സ്ത്രീ-പുരുഷ ഇടപാടുകൾ ഇസ്‌ലാം അനുവദിക്കുന്നുള്ളൂ. അപ്പോഴും പക്ഷേ, ഗോപ്യമാക്കേണ്ട ഭാഗങ്ങൾ കാണാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. എന്താണ് നഗ്നത? ഫിഖ്ഹിന്റെ ഭാഷയിൽ അന്യപുരുഷനെ സംബന്ധിച്ചേടത്തോളം മുഖവും മുൻകൈയും ഒഴിച്ചുള്ള സ്ത്രീയുടെ മുഴുവൻ ശരീരഭാഗങ്ങളും നഗ്നത(ഔറത്ത്) യാണ്. (ഈ മാനദണ്ഡംവെച്ച് വർത്തമാനകാലത്തെ അളക്കുക. മാർക്കറ്റ്, വീട്, ദൃശ്യമാധ്യമങ്ങൾ, ആഘോഷങ്ങൾ... എവിടെയാണ് നാമിത് പാലിക്കുന്നത്?) സംസാരത്തിൽപോലും ഇസ്‌ലാം കൃത്യമായ നിയമനിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഖുർആൻ സ്ത്രീകളോട് പറഞ്ഞു: "നിങ്ങൾ സംസാരത്തിൽ കൊഞ്ചിക്കുഴയരുത്. കാരണം അത് മനസ്സിൽ രോഗമുള്ളവരിൽ മോഹം ജനിപ്പിക്കും" (*അൽ അഹ്സാബ്* 132). 'ബന്ധുക്കൾ' എന്ന മറവിൽ നടക്കാൻ സാധ്യതയുള്ള അനാവശ്യ പ്രവണതകളെ പോലും ഇസ്‌ലാം തടയിട്ടു. നബി(സ) ഒരിക്കൽ സ്ത്രീകളുടെ അടുത്ത് തനിച്ചാവുന്നതിലെ അപകടത്തെ പറ്റി പറയവേ ഒരാൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഭർതൃബന്ധുക്കളെപ്പറ്റി താങ്കൾ എന്തു പറയുന്നു? നബി(സ) പ്രതിവചിച്ചു: "ഭർതൃബന്ധു മരണമാണ്" (ബുഖാരി, മുസ്‌ലിം). മരണമെന്നത് അറബിയിലെ ഒരു പ്രയോഗമാണ്. കടുത്ത അപകടമെന്നർഥം.

വ്യഭിചാരം മാത്രമല്ല, മൊത്തം ലൈംഗിക തിന്മകൾക്ക് നേരെയും ജാഗ്രത പാലിക്കാൻ ഖുർആൻ കൽപിച്ചിട്ടുണ്ട്. നിങ്ങൾ നീചവൃത്തികളോട് അടുക്കാതിരിക്കുക; അത് തെളിഞ്ഞതാവട്ടെ ഒളിഞ്ഞതാവട്ടെ" (*അൽഅൻആം* 151). ഈ സൂക്തം വ്യാഖ്യാനിച്ചുകൊണ്ട് മൗലാനാ മൗദൂദി എഴുതുന്നു: "മൂലത്തിലെ ഫവാഹിശിനെയാണ് നീചവൃത്തികളെന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത്. ശുദ്ധമായ മനുഷ്യപ്രകൃതി നിന്ദ്യവും നികൃഷ്ടവും ലജ്ജാവഹവുമായി ഗണിക്കുന്ന ഏത് പ്രവൃത്തിയും ഇതിലുൾപ്പെടും. വ്യഭിചാരം, സ്വവർഗഭോഗം, നഗ്നത, അപവാദം, പിതൃഭാര്യയെ വിവാഹം കഴിക്കുക എന്നിവയെ വിശുദ്ധ ഖുർആൻ നീചവൃത്തികളെന്ന് വിളിച്ചിരിക്കുന്നു. ഹദീസുകളിൽ തസ്കരവൃത്തിയെയും മദ്യപാനത്തെയും യാചനയെയും 'ഫവാഹിശി'ൽ പെടുത്തിയിരിക്കുന്നു. എല്ലാ തരത്തിലുള്ള അശ്ലീലതകളും 'ഫവാഹിശി'ൽ പെട്ടതാണ്. ഇത്തരം നീചവൃത്തികൾ പരസ്യമായോ രഹസ്യമായോ ചെയ്യരുതെന്നാണ് അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നത്" (*തഫ്ഹീമുൽ ഖുർആൻ* 1/534).

### കലയും സംഗീതവും

ഇന്ന് സ്ത്രൈണ നഗ്നത ഇളകിയാടുന്നത് കലയുടെയും സംഗീതത്തിന്റെയും വേദികളിലാണ്. മുമ്പൊക്കെ സിനിമാ തിയേറ്റർ വീട്ടിൽനിന്നും കുറേ ദൂരെയായിരുന്നു. ഇന്ന് വീട് തന്നെയാണ് സിനിമാ ശാല. ഉപ്പയും ഉമ്മയും പ്രായപൂർത്തിയായ പെൺമക്കളും ആൺമക്കളും ഒന്നിച്ചിരുന്ന് ലജ്ജാലേശമന്യേ ചീത്ത സിനിമകൾ ആസ്വദിക്കുന്നു! പുറമെ മാപ്പിളപ്പാട്ട് ആൽബങ്ങളെന്ന അശ്ലീല സി.ഡികളും! പഴയ 'മകാരവാരിക'കളുടെ സ്ഥാനത്ത് പൊട്ടിമുളച്ച 'മസാല സിഡി'കളാണ് നമ്മുടെ സാംസ്കാരിക ജീർണതകളുടെ പ്രധാന സ്രോതസ്സ്. ഞരമ്പുകളെമാത്രം ഉത്തേജിപ്പിക്കുന്ന ഈ ചവറുകൾ സമുദായം വാങ്ങിക്കൂട്ടുന്നത് ആദരവോടെയാണ്. മതചിഹ്നങ്ങളും അറബിപ്പേരുകളും അവയിൽ കുത്തിനിറച്ചിട്ടുണ്ടല്ലോ. അത് തിരിച്ചറിയാൻ തക്ക സാമാന്യബുദ്ധി 'ഖൗമി'ന് ഇല്ലെന്ന് കമ്പോളത്തിലെ ഷൈലോക്കുമാർക്ക് അറിയുന്നതിനാൽ സംഗതി എളുപ്പം! സുന്ദരികളായ ഒട്ടനവധി പെൺകുട്ടികളെ അർധ നഗ്നകളാക്കി തുള്ളിച്ചാടുന്ന വൃത്തികെട്ട ദൃശ്യവിരുന്ന് ആസ്വദിക്കുന്ന യുവതലമുറകൾക്ക് ഈ സിഡികൾ നൽകുന്ന പ്രധാനസന്ദേശം നഗ്നതയും അശ്ലീലവും പ്രണയവുമാണ് ജീവിതം എന്നത്രെ!

ചീത്തഗാനങ്ങളെയും കലകളെയും പറ്റി വിശുദ്ധ ഖുർആൻ നൽകിയ മുന്നറിയിപ്പുകൾ ഇന്ന് സമുദായവും നേതൃത്വവും കണ്ടമട്ടില്ല. 'ജാഹിലിയ്യത്ത്' എന്ന ഇസ്‌ലാമിക സംജ്ഞ പ്രധാനമായും ലക്ഷ്യംവെക്കുന്നത് അധമകലകളെയാണ്. അതുപോലെ 'ലഗ്‌വ്' (വ്യർഥ കാര്യങ്ങൾ-*ഫുർഖാൻ* 72). ലഇബുൻ വലഹ്‌വുൻ (ചീത്ത കളിവിനോദങ്ങൾ *മുഹമ്മദ്* 36, *അൽഹദീദ്* 20). ലഹ്‌വൽ ഹദീസ് (വഞ്ചനാത്മക വർത്തമാനങ്ങൾ ലുഖ്മാൻ 6) എന്നിങ്ങനെ ശക്തമായ പദപ്രയോഗങ്ങളിലൂടെയാണ് വിശുദ്ധ ഖുർആൻ ഇത്തരം തിന്മകളെ നേരിടുന്നത്. മാത്രമല്ല "പിശാചിന്റെ ശബ്ദം" എന്നത്രെ ചീത്ത സംഗീതത്തെ ഖുർആൻ വിളിച്ചത്. (*ഇസ്റാഅ്* 64) "അവരിൽനിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം മുഖേന നീ

**സ്ത്രൈണ നഗ്നത ഇളകിയാടുന്നത് കലയുടെയും സംഗീതത്തിന്റെയും വേദികളിലാണ്. മുമ്പൊക്കെ സിനിമാ തിയേറ്റർ വീട്ടിൽനിന്നും കുറേ ദൂരെയായിരുന്നു. ഇന്ന് വീട് തന്നെയാണ് സിനിമാ ശാല. ഉപ്പയും ഉമ്മയും പ്രായപൂർത്തിയായ പെൺമക്കളും ആൺമക്കളും ഒന്നിച്ചിരുന്ന് ലജ്ജാലേശമന്യേ ചീത്ത സിനിമകൾ ആസ്വദിക്കുന്നു! പുറമെ മാപ്പിളപ്പാട്ട് ആൽബങ്ങളെന്ന അശ്ലീല സിഡികളും! പഴയ 'മകാരവാരിക'കളുടെ സ്ഥാനത്ത് പൊട്ടിമുളച്ച 'മസാല സിഡി'കളാണ് നമ്മുടെ സാംസ്കാരിക ജീർണതകളുടെ പ്രധാന സ്രോതസ്സ്.**

ഇളക്കി വിട്ടുകൊള്ളുക.” ഈ സൂക്തത്തിലെ ‘സൗത്ത്’ ചീത്ത സംഗീതങ്ങളും വിനോദങ്ങളുമാണെന്ന് പ്രശസ്ത ഖുർആൻ വ്യാഖ്യാതാവായ മുജാഹിദ്(റ) രേഖപ്പെടുത്തുന്നു. സൂറ *യൂനുസ്* 32-ാം വാക്യത്തിലെ “സത്യത്തിനു ശേഷമുള്ള ദുർമാർഗം” എന്ന പ്രയോഗത്തിന് ഇമാം ഇബ്നു തൈമിയ(റ) നൽകിയ വ്യാഖ്യാനത്തിൽ ചീത്ത സംഗീതത്തെ എടുത്തു പറയുന്നു. സൂറ *ലുഖ്മാൻ* 6-ാം സൂക്തത്തിന്റെ അവതരണ പശ്ചാത്തലം തന്നെ ലക്ഷ്യരഹിത കലയാണെന്നത് സുവിദിതമത്രെ. ഇമാം ഹസനുൽ ബസ്വരി(റ) പ്രസ്തുത സൂക്തം ഗാനാലാപനത്തെയും സംഗീതത്തെയും സവിശേഷമായി ലക്ഷ്യംവെക്കുന്നതായി രേഖപ്പെടുത്തുന്നു (*ഇബ്നു കഥീർ* 3/426).

വിശുദ്ധ ഖുർആന്റെ സത്യസന്ദേശത്തിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ വേണ്ടി മക്കയിലെ ശത്രുക്കൾ സൗന്ദര്യവും സ്വരമാധുരിയുമുള്ള സ്ത്രീകളെ കൊണ്ടുവന്ന് ‘സംഗീത നിശ’ സംഘടിപ്പിക്കാറുണ്ടായിരുന്നു. പെൺകുട്ടികളുടെ നൃത്തനൃത്യങ്ങൾ സദസ്സിന് കൊഴുപ്പേകുകയും ചെയ്യും. മാത്രമല്ല, നല്ല കാഥികരെ സംഘടിപ്പിച്ച് മഹാരാജാക്കന്മാരുടെയും വിശിഷ്യാ ഇറാനിയൻ പരാക്രമികളുടെയും കഥകൾ അവതരിപ്പിക്കുന്ന സദസ്സുകളും സംഘടിപ്പിക്കാറുണ്ടായിരുന്നു. അങ്ങനെ പൊതുജനത്തെ ഇത്തരം സാംസ്കാരിക വൈകൃതങ്ങളിലും കലാഭാസങ്ങളിലും വാപൃതരാക്കി ഖുർആനിക സന്ദേശത്തിൽനിന്നും ദൈവിക ബോധത്തിൽനിന്നും പരലോക ചിന്തയിൽനിന്നുമൊക്കെ അകറ്റി! ഇവ്വിഷയകമായ പ്രവാചക വചനങ്ങളുമുണ്ട്. നബി(സ) അരുൾ ചെയ്യുന്നു: “എന്റെ സമുദായത്തിലെ ഒരു വിഭാഗം മദ്യത്തിന് അതല്ലാത്ത പേര് വിളിച്ച് അത് കുടിക്കുന്നതാണ്. അവരുടെ ശിരസ്സുകൾക്കു മുകളിൽ നടികൾ നൃത്തം വെക്കുകയും സംഗീതോപകരണങ്ങൾ മീട്ടപ്പെടുകയും ചെയ്യുന്നതാണ്. അല്ലാഹു അവരെ ഭൂമിയിൽ ആഴ്ത്തുന്നതാണ്. അവരെ കുരങ്ങന്മാരും പന്നികളുമാക്കുകയും ചെയ്യും.” (ഇബ്നുമാജ). ഈ ഹദീസ് വ്യാഖ്യാനിച്ചുകൊണ്ട് ഡോ. യൂസുഫുൽ ഖറദാവി എഴുതുന്നു: “ഇത്തരക്കാരെ ആകാരത്തിലും ആകൃതിയിലും മാറ്റുമെന്നല്ല, ആത്മാവിനെയും മനസ്സിന്റെയും മാറ്റമാണ് ഇവിടെ ഉദ്ദേശ്യം. മനുഷ്യന്റെ തന്നെ രൂപത്തിൽ അവർ കുരങ്ങന്റെ മനസ്സും പന്നിയുടെ ജീവനും പേറുന്നതാണ്” (*വിധിവിലക്കുകൾ*, പേജ് 127,128). ■